പതിമൂന്നാം കേരള നിയമസഭ

അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
നിയമസഭാചോദ്യം നം. **735.**

13/06/2012 - ൽ മറുപടിയ്ക്ക്

## ആയുർവേദ കോളേജുകളിലെ അദ്ധ്യാപകരുടെ പ്രവൃത്തിപരിചയം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.സി.കെ.നാണു. | ശ്രീ.വി.എസ്.ശിവകുമാർ (ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പു മന്ത്രി) |
| (എ) സംസ്ഥാനത്ത് എത്ര ആയുർവ്വേദ കോളേജ് പ്രവർത്തിക്കുന്നുണ്ട്; ഇവയിൽ സർക്കാർ മേഖലയിൽ എത്ര കോളേജ് ഉണ്ട് എന്ന് വ്യക്തമാക്കാമോ; | (എ) ആയുർവേദ മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിനു കീഴിൽ ആകെ 16 ആയുർവേദ കോളേജുകൾ പ്രവർത്തിക്കുന്നുണ്ട്. ഇവയിൽ സർക്കാർ മേഖലയിൽ 3 എണ്ണം പ്രവർത്തിക്കുന്നു. |
| (ബി) ആയുർവ്വേദ കോളേജുകളിൽ പഠിപ്പിക്കുന്ന വിവിധ വിഭാഗം അദ്ധ്യാപകർക്ക് എത്രവർഷത്തെ പ്രവൃത്തി പരിചയം ആവശ്യമുണ്ട്; വ്യക്തമാക്കുമോ; | (ബി) ആയുർവേദ കോളേജുകളിൽ പഠിപ്പിക്കുന്ന വിവിധ വിഭാഗം അദ്ധ്യാപകർക്കാവശ്യമായ പ്രവൃത്തി പരിചയം ചുവടെ ചേർത്തിരിക്കും പ്രകാരമാണ്.<br>1. ലക്ചറർ - എൻട്രി കേഡർ.<br>2. സീനിയർ ലക്ചറർ (അസിസ്റ്റന്റ് പ്രൊഫസർ) - ഗവ. ആയുർവേദ കോളേജിൽ അതാതു വകുപ്പിൽ അദ്ധ്യാപകർ ആയി ജോലി നോക്കി 3 |

| | |
|---|---|
| | വർഷ പരിചയം.<br>3. റീഡർ (അസോസിയേറ്റ് പ്രൊഫസർ) - ഗവ. ആയുർവേദ കോളേജിൽ അതാതു വകുപ്പിൽ 5 വർഷ അദ്ധ്യാപക പ്രവൃത്തി പരിചയം<br>4. പ്രൊഫസർ - ഗവ. ആയുർവേദ കോളേജിൽ 10 വർഷ പ്രവൃത്തി പരിചയം. അതിൽ 5 വർഷം റീഡർ/സീനിയർ ലക്ചറർ ആയി സേവനം അനുഷ്ഠിക്കണം. |
| (സി) പുതുതായി ആരംഭിച്ച ആയുർവ്വേദ കോളേജുകളിൽ ആവശ്യത്തിന് പരിചയമുള്ള അദ്ധ്യാപകരെ ലഭിക്കുന്നുണ്ടോ എന്ന് പരിശോധിച്ചിട്ടുണ്ടോ? | (സി) പുതുതായി ആരംഭിക്കുന്ന എല്ലാ ആയുർവേദ കോളേജിലും ആവശ്യത്തിന് അദ്ധ്യാപകരെ ലഭിക്കുന്നുണ്ടോ എന്ന് സെൻട്രൽ കൗൺസിൽ ഓഫ് ഇന്ത്യൻ മെഡിസിൻ പരിശോധന നടത്തുകയും കുറവുകൾ പരിഹരിക്കുവാൻ നിർദ്ദേശം നൽകുന്നതിനനുസരിച്ച് പരിഹരിക്കുന്നുമുണ്ട്. |

സെക്ഷൻ ഓഫീസർ